ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1118

# സൂറ – 38 / സ്വാദ്

**സൂക്തം: 27 – 29**

നീതിമാനായ അല്ലാഹുവിന് അവന്റെ സകല സൃഷ്ടികൾക്കും അവരർഹിക്കുന്ന നീതി നൽകേണ്ടതുണ്ട്. ജീവിതത്തിലെ ചില കർമങ്ങളെയോ മുഹൂർത്തങ്ങളെയോ മാത്രമല്ല അവൻ വിചാരണ ചെയ്യുക. മാനവജീവിതം മുഴുവനാണ്. അതിന് എല്ലാവരുടെയും ജീവിതം പൂർത്തിയാകേണ്ടതുണ്ട്. ഇങ്ങനെ മനുഷ്യകുലത്തിന്റെ ജീവിതം അവസാനിച്ചശേഷം ഓരോരുത്തർക്കും അവരർഹിക്കുന്ന സമ്മാനവും ശിക്ഷയും വിധിക്കുന്നതിനു വേണ്ടിയാണ് ഉയിർത്തെഴുന്നേൽപും വിചാരണയും നിശ്ചയിക്കപ്പെട്ടിരിക്കുന്നത്.

وَمَا خَلَقْنَا ٱلسَّمَآءَ وَٱلْأَرْضَ وَمَا بَيْنَهُمَا بَٰطِلًا ۚ ذَٰلِكَ ظَنُّ ٱلَّذِينَ
كَفَرُوا۟ ۚ فَوَيْلٌ لِّلَّذِينَ كَفَرُوا۟ مِنَ ٱلنَّارِ ﴿٢٧﴾

27. വാനഭുവനങ്ങളും അവക്കിടയിലുള്ളതും നാം പാഴ്വേലയായി സൃഷ്ടിച്ചിട്ടുള്ളതല്ല. അത് അഭൗതിക യാഥാർഥ്യങ്ങൾ നിഷേധിക്കുന്നവരുടെ ഊഹമാകുന്നു. കഷ്ടം! യാഥാർഥ്യങ്ങൾ നിഷേധിച്ചവർക്കുള്ളത് നരകാഗ്നിയാലുള്ള മഹാ നാശമത്രെ.

**27**

وَمَا خَلَقْنَا = നാം സൃഷ്ടിച്ചില്ല (ച്ചിട്ടുള്ളതല്ല)

السَّمَاءَ وَالْأَرْضَ وَمَا بَيْنَهُمَا = വാനഭുവനങ്ങളെയും അവക്കിടയിലുള്ളതിനെയും

بَاطِلًا = പാഴ്വേലയായിട്ട് ذَٰلِكَ = അത് (അവയുടെ സൃഷ്ടി പാഴ്വേലയാണെന്നത്)

ظَنُّ الَّذِينَ كَفَرُوا = (അഭൗതിക യാഥാർഥ്യങ്ങൾ) നിഷേധിച്ചവരുടെ ഊഹമാകുന്നു

فَوَيْلٌ لِلَّذِينَ كَفَرُوا = (കഷ്ടം!) യാഥാർഥ്യങ്ങൾ നിഷേധിച്ചവർക്കുള്ളത് (മഹാ) നാശമാകുന്നു

مِنَ النَّارِ = നരകത്തിൽനിന്ന് (നരകാഗ്നിയാലുള്ള)

ദാവൂദ് ചരിതത്തിനു ശേഷം സുലൈമാൻ ചരിതത്തിലേക്ക് കടക്കുംമുമ്പ് ദാവൂദ് ചരിതത്തിന്റെ സമാപനത്തിൽ, ദൈവികമാർഗത്തിൽനിന്ന് വ്യതിചലിക്കുന്നവർ വിസ്മരിച്ചുപോകുന്നു എന്നു പറഞ്ഞ يوم الحساب- വിചാരണാനാളിന്റെ അനിവാര്യത വ്യക്തമാക്കിയിരിക്കുകയാണ് ഏതാനും വചനങ്ങളിൽ. അല്ലാഹു ഈ ആകാശഭൂമികളും അവക്കിടയിലുള്ളതും- അണ്ഡകടാഹം വൃഥാ സൃഷ്ടിച്ചുവിട്ടതല്ല. മൂലത്തിലെ باطل നിഷ്ഫലം, പാഴ്, അസാധു, പിഴച്ചത്, മിഥ്യ, അസത്യം, നിഷിദ്ധം മുതലായ ആശയങ്ങളെല്ലാം ഉൾക്കൊള്ളുന്നതാണ്. ഈ സന്ദർഭത്തിൽ അവയെല്ലാം ഉദ്ദേശ്യവുമാകുന്നു. അല്ലാഹുവിന്റെ സൃഷ്ടികർമം അവന്റെ കേവല വിനോദവുമല്ല. وَمَا خَلَقْنَا السَّمَاوَاتِ وَالْأَرْضَ وَمَا بَيْنَهُمَا لَاعِبِينَ (ആകാശഭൂമിക

ളെയും അവക്കിടയിലുള്ളതിനെയും നാം വിനോദത്തിനായി സൃഷ്ടിച്ചതല്ല - 44:38). أَفَحَسِبْتُمْ أَنَّمَا خَلَقْنَاكُمْ عَبَثًا وَأَنَّكُمْ إِلَيْنَا لَا تُرْجَعُونَ (നാം നിങ്ങളെ പാഴ്വേലയായി മാത്രം സൃഷ്ടിച്ചതാണെന്നും നിങ്ങൾ നമ്മിലേക്ക് മടക്കപ്പെടുകയില്ലെന്നും വിചാരിക്കുന്നുവോ? - 23:115). അവന്റെ സൃഷ്ടികളൊന്നും നിരർഥകമല്ല. എല്ലാം യാഥാർഥ്യത്തി- حق -ൽ അധിഷ്ഠിതമാകുന്നു. مَا خَلَقْنَاهُمَا إِلَّا بِالْحَقِّ وَلَكِنَّ أَكْثَرَهُمْ لَا يَعْلَمُونَ (വാനലോകത്തെയും ഭൂലോകത്തെയും നാം സൃഷ്ടിച്ചത് യാഥാർഥ്യമായിത്തന്നെയാകുന്നു. പക്ഷേ, അധിക ജനവും അറിയുന്നില്ല - 44:39,40). بِالْحَقِّ-യാഥാർഥ്യമായി- സൃഷ്ടിക്കുക എന്നാൽ സലക്ഷ്യമായും ആ ലക്ഷ്യം സാക്ഷാത്കരിക്കാൻ പര്യാപ്തമായ പ്രകൃതിയോടും യുക്തിയുക്തമായ നിയമങ്ങളോടും കൂടി സൃഷ്ടിക്കുകയാണ്. ഈ പ്രകൃതിയും നിയമങ്ങളുമാണ് പ്രപഞ്ചത്തെ സന്തുലിതമായി നിലനിർത്തുന്നത്. സ്വന്തം സൃഷ്ടിയിലടങ്ങിയ പ്രവൃത്തിയും നിയമങ്ങളും അനുസരിച്ച് ചരിക്കുകയാണ് ഓരോ പ്രപഞ്ച ഘടകത്തിന്റെയും ധർമം. അതു തന്നെയാണ് നീതിയും. സന്തുലനത്തെ, നീതിയെ ഖുർആൻ ത്രാസ് എന്നും വ്യവഹരിക്കുന്നുണ്ട്:

وَالسَّمَاءَ رَفَعَهَا وَوَضَعَ الْمِيزَانَ ﴿٧﴾ أَلَّا تَطْغَوْا فِي الْمِيزَانِ ﴿٨﴾ وَأَقِيمُوا الْوَزْنَ بِالْقِسْطِ وَلَا تُخْسِرُوا الْمِيزَانَ ﴿٩﴾

(അവൻ വാനലോകത്തെ ഉയർത്തി ത്രാസ് സ്ഥാപിക്കുകയും ചെയ്തു. നിങ്ങൾ ത്രാസിൽ അതിക്രമം ചെയ്തുകൂടാ. തൂക്കം നീതിപൂർവം നിലനിർത്തുവിൻ - 55:7-9). പ്രാപഞ്ചിക ഘടകങ്ങളിൽ എണ്ണിയാലൊടുങ്ങാത്ത വൈവിധ്യങ്ങളും വൈരുധ്യങ്ങളുമുണ്ടായിരിക്കെത്തന്നെ അവ പരസ്പരബന്ധിതമായും പരസ്പരപൂരകമായും വർത്തിക്കുന്നത് അവയുടെ പിന്നിൽ പ്രവർത്തിക്കുന്ന യുക്തിബോധത്തിന്റെയും ഇഛാശക്തിയുടെയും അനിഷേധ്യമായ അടയാളമാകുന്നു. അതുകൊണ്ടാണ് ഖുർആൻ വാനലോകത്ത് ജ്വലിക്കുന്ന സൂര്യചന്ദ്രന്മാർ മുതൽ മണ്ണിൽ മുളച്ചു പൊന്തുന്ന പുൽക്കൊടികളെ വരെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളായി ചൂണ്ടിക്കാണിക്കുന്നത്.

സർവജ്ഞനും സർവശക്തനുമായ ഒരു സ്രഷ്ടാവിന്റെ സോദ്ദേശ്യസൃഷ്ടിയാണ് പ്രപഞ്ചം എന്ന യാഥാർഥ്യം നിഷേധിക്കുന്നവരുടെ കേവലം ഊഹമാണ് പ്രപഞ്ചം ലക്ഷ്യരഹിതവും നിരർഥകവുമായി സൃഷ്ടിക്കപ്പെട്ടതാകുന്നു എന്നത്. ചിലർ ദൈവത്തിന്റെ ലീലാവിലാസം മാത്രമാണിതെന്നു വാദിക്കുന്നു. യാഥാർഥ്യമില്ലാത്ത വെറും മായയാണിതൊക്കെയും എന്നാണ് ചിലരുടെ നിഗമനം. ചിലർ ഊഹിക്കുന്നു; ദൈവം കറക്കിവിട്ട ഒരു ചക്രമാണ് ജനിമൃതികൾ. ജനിച്ചുകൊണ്ടും മരിച്ചുകൊണ്ടും മരിച്ചത് വീണ്ടും വീണ്ടും ജനിച്ചുകൊണ്ടും അതങ്ങനെ അനന്തകാലം കറങ്ങിക്കൊണ്ടിരിക്കും. സൃഷ്ടിക്കു പിന്നിൽ ഒരു സ്രഷ്ടാവേയില്ല. എല്ലാം യാദൃഛികമായി സ്വയം സൃഷ്ടമായതാകുന്നു. ഈ ഭൗതിക ജീവിതത്തിന് മനുഷ്യൻ ആരോടും കടപ്പെട്ടിട്ടില്ല, ആർക്കും കണക്കു ബോധിപ്പിക്കേണ്ടതുമില്ല. കിട്ടിയ ജീവിതം പരമാവധി സുഖിച്ചു വാഴുക. അതാണ് വിജയകരമായ ജീവിതം. ഈ ആശയത്തിൽ മേൽപറഞ്ഞ എല്ലാവരും യോജിക്കുന്നു. ഈ വിചാരം അവരുടെ ഊഹമല്ല, വിശ്വാസം തന്നെയാണ്. പ്രമാണങ്ങളുടെയോ ബുദ്ധിയുടെയോ സാക്ഷ്യമില്ലാത്ത വിശ്വാസമായതുകൊണ്ടാണ് ഖുർആൻ അതിനെ ഊഹം- ظَنّ എന്നു വിശേഷിപ്പിക്കുന്നത്. സ്രഷ്ടാവും സൃഷ്ടിലക്ഷ്യവും ഇന്ദ്രിയഗോചരമാകുന്നില്ല എന്നതിനെയാണവർ ദൈവനിഷേധത്തിനും ബഹുദൈവത്വത്തിനും, പ്രപഞ്ചത്തിന്റെയും ജീവിതത്തിന്റെയും ലക്ഷ്യരാഹിത്യത്തിനും സാക്ഷ്യമാക്കുന്നത്. ഇന്ദ്രിയാതീത യാഥാർഥ്യങ്ങളെയെല്ലാം നിഷേധിച്ചുകൊണ്ട് തങ്ങൾക്ക് കാണാനാവാത്തതൊന്നും ഇല്ല എന്ന് അന്ധമായി വിശ്വസിക്കുകയാണവർ. എന്നാൽ അവർ കരുതുന്നതുപോലെ മരണത്തോടെ മനുഷ്യൻ അവസാനിക്കുന്നില്ല. മരണാനന്തരം അവൻ വിചാരണാവിധേയനാവുകയും രക്ഷാശിക്ഷകളനുഭവിക്കുകയും ചെയ്യേണ്ടതുണ്ട്. കഷ്ടം! ഈ യാഥാർഥ്യം നിഷേധിക്കുന്നവർക്ക് നരകാഗ്നിയാലുള്ള നാശം വിധിക്കപ്പെട്ടിരിക്കുന്നു - فَوَيْلٌ لِّلَّذِينَ كَفَرُوا مِنَ النَّارِ ●

---

أَمْ نَجْعَلُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ كَٱلْمُفْسِدِينَ فِى ٱلْأَرْضِ أَمْ نَجْعَلُ ٱلْمُتَّقِينَ كَٱلْفُجَّارِ ﴿٢٨﴾

28. അല്ല, സത്യധർമങ്ങൾ കൈക്കൊണ്ട് സൽക്കർമങ്ങളാചരിച്ചവരെ നാം ഭൂമിയിലെ നാശകാരികൾക്കു തുല്യരാക്കുമെന്നോ? അല്ലെങ്കിൽ ദൈവഭക്തരായി സാന്മാർഗിക ജീവിതം നയിച്ചവരെ കൊടിയ തെമ്മാടികൾക്കു തുല്യരാക്കുമെന്നോ?

**28**

أَمْ نَجْعَلُ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ = അല്ല, (സത്യധർമങ്ങൾ) കൈക്കൊണ്ട് സൽക്കർമങ്ങൾ ആചരിച്ചവരെ നാം ആക്കുമെന്നോ

كَالْمُفْسِدِينَ فِي الْأَرْضِ = ഭൂമിയിലെ നാശകാരികളെപ്പോലെ (കൾക്കു തുല്യർ)

أَمْ نَجْعَلُ الْمُتَّقِينَ = അല്ലെങ്കിൽ മുത്തഖികളെ (ദൈവഭക്തരായി സാന്മാർഗിക ജീവിതം നയിച്ചവരെ) ആക്കുമെന്നോ

كَالْفُجَّارِ = കൊടിയ തെമ്മാടികളെപ്പോലെ (ശ്ക്കു തുല്യർ)

എന്താണിക്കൂട്ടർ മനസ്സിലാക്കുന്നത്? സത്യവും മിഥ്യയും തുല്യമാണെന്നോ? നല്ലതും ചീത്തയും ഒരുപോലെയാണെന്നോ? സദ്വൃത്തിയും ദുർവൃത്തിയും സമമാണെന്നോ? അതെല്ലാം തുല്യമാണെന്ന് സുബോധമുള്ളവരാരും പറയില്ല. ഭൗതിക ജീവിതത്തിൽ എല്ലാവരും സത്യമെന്ന് തോന്നുന്നത് സ്വീകരിക്കുകയും മിഥ്യയെ നിരാകരിക്കുകയും ചെയ്യുന്നു. സദ്വൃത്തികളെ അംഗീകരിക്കുകയും ദുർവൃത്തികളെ ആക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. അക്രമങ്ങളുടെയും ദുർ

വൃത്തികളുടെയും പേരിൽ ആളുകൾ ശിക്ഷിക്കപ്പെടുന്നു. പിഴയൊടുക്കാനും പ്രായശ്ചിത്തം ചെയ്യാനും വിധിക്കപ്പെടുന്നു. അത്തരം നടപടികൾ നീതി പുലരാൻ ആവശ്യമാകുന്നു എന്ന കാര്യത്തിലും ആർക്കും തർക്കമില്ല. പക്ഷേ, ഭൗതിക ലോകത്ത് ഈ നീതി പൂർണമായി നടപ്പിലാകുന്നില്ല എന്നും എല്ലാവർക്കും അറിയാം. മഹാകള്ളന്മാരും കൊള്ളക്കാരും തെമ്മാടികളും മർദകരും ചൂഷകരുമായ ആളുകൾ പലപ്പോഴും യാതൊരു ശിക്ഷയുമനുഭവിക്കാതെ സുഖിച്ചു ജീവിച്ചു മരിച്ചുപോകുന്നു. അവരാൽ ചൂഷണം ചെയ്യപ്പെട്ടവരും മർദിക്കപ്പെട്ടവരും മറ്റനീതികൾക്കിരയാക്കപ്പെട്ടവരുമായ, ധർമനിഷ്ഠയോടെ ജീവിച്ച പാവങ്ങൾ ഒരിക്കലും നീതി കിട്ടാതെ ജീവിതകാലം മുഴുവൻ നരകിക്കുന്നു. ഒരു കൂട്ടർ സത്യധർമങ്ങൾ അംഗീകരിച്ച് സൽക്കർമങ്ങൾ ചെയ്തുകൊണ്ട് ഭൂമിയെ സംസ്കരിക്കുന്നു. മറ്റൊരു കൂട്ടർ അതൊക്കെ നിഷേധിച്ച് ജഡികേഛകളനുസരിച്ച് കർമം ചെയ്ത് ഭൂമിയുടെ സംസ്കൃതി നശിപ്പിക്കുന്നു. ഒരു കൂട്ടർ ജീവിതത്തെക്കുറിച്ച് സൂക്ഷ്മതയും ധർമബോധവുമുള്ളവരാണെങ്കിൽ മറ്റേകൂട്ടർ കൊടിയ ധിക്കാരികളും കുറ്റവാളികളുമാണ്. ദുർവൃത്തരും സദാചാരവിരുദ്ധ നടപടിക്കാരുമാണ് فُجَّار. ഇതിന്റെ ഏകവചനം فاجر. നീതിമാനും സർവജ്ഞനുമായ സ്രഷ്ടാവ് ഈ രണ്ടു കൂട്ടരെയും തുല്യരാക്കുക സംഭവ്യമാണോ? തികച്ചും നിഷേധാർഥത്തിലുള്ളതാണീ ചോദ്യം. അക്കാര്യം എല്ലാവരും നിസ്തർക്കം സമ്മതിക്കുന്നതാണല്ലോ എന്നാണ് ചോദ്യരൂപത്തിൽ അവതരിപ്പിച്ചതിന്റെ ധ്വനി.

നീതിമാനായ അല്ലാഹുവിന് അവന്റെ സകല സൃഷ്ടികൾക്കും അവരർഹിക്കുന്ന നീതി നൽകേണ്ടതുണ്ട്. ജീവിതത്തിലെ ചില കർമങ്ങളെയോ മുഹൂർത്തങ്ങളെയോ മാത്രമല്ല അവൻ വിചാരണ ചെയ്യുക. മാനവജീവിതം മുഴുവനാണ്. അതിന് എല്ലാവരുടെയും ജീവിതം പൂർത്തിയാകേണ്ടതുണ്ട്. ഇങ്ങനെ മനുഷ്യകുലത്തിന്റെ ജീവിതം അവസാനിച്ചശേഷം ഓരോരുത്തർക്കും അവരർഹിക്കുന്ന സമ്മാനവും ശിക്ഷയും വിധിക്കുന്നതിനു വേണ്ടിയാണ് ഉയിർത്തെഴുന്നേൽപും വിചാരണയും നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ഉയിർത്തെഴുന്നേൽപ് നിഷേധിക്കപ്പെടുമ്പോൾ നിഷേധിക്കപ്പെടുന്നത് ആ ഒരു പ്രക്രിയ മാത്രമല്ല; സ്രഷ്ടാവിന്റെ മഹത്വത്തെയും മർത്യജന്മത്തിന്റെ ലക്ഷ്യത്തെയും ധാർമിക-സദാചാര മൂല്യങ്ങളെയും കൂടിയാണ്. ●

---

كِتَٰبٌ أَنزَلْنَٰهُ إِلَيْكَ مُبَٰرَكٌ لِّيَدَّبَّرُوٓا۟ ءَايَٰتِهِۦ وَلِيَتَذَكَّرَ أُو۟لُوا۟ ٱلْأَلْبَٰبِ ﴿٢٩﴾

29. പ്രവാചകാ, നാം നിനക്കു അവതരിപ്പിച്ചുതന്നിട്ടുള്ള വിശുദ്ധ വേദം ഏറെ അനുഗൃഹീതമാകുന്നു. ജനം അതിന്റെ സൂക്തങ്ങൾ മനനം ചെയ്യുന്നതിനുവേണ്ടിയാണ് ഇതവതരിപ്പിച്ചിരിക്കുന്നത്; സദ്ബുദ്ധിയുള്ളവർ ബോധവാന്മാരാകുന്നതിനും.

**29**

كِتَابٌ = (പ്രവാചകാ) വിശുദ്ധ വേദം
أَنزَلْنَاهُ إِلَيْكَ = (തന്നിട്ടുള്ള) അതു നാം നിനക്കവതരിപ്പിച്ചു مُبَارَكٌ = (ഏറെ) അനുഗൃഹീതമാകുന്നു
لِّيَدَّبَّرُوا آيَاتِهِ = (യാണവതരിച്ചിരിക്കുന്നത്) അവർ (ജനം) അതിന്റെ സൂക്തങ്ങൾ മനനം ചെയ്യുന്നതിനുവേണ്ടി
وَلِيَتَذَكَّرَ = (ബോധവാന്മാരാകാനും) പാഠമുൾക്കൊള്ളാനും أُولُو الْأَلْبَابِ = സദ്ബുദ്ധിയുള്ളവർ

كتاب എന്ന സാമാന്യ നാമപ്രയോഗം വിശുദ്ധ വേദം, മഹാ ഗ്രന്ഥം എന്ന അർഥം ജനിപ്പിക്കുന്നു. ഈ സൂക്തത്തിലെ كتاب ഖുർആൻ ആണ്. بركة-ൽനിന്നുള്ള ക്രിയയുടെ കർമവാചിയാണ് مُبَارَكٌ. നേരത്തേ പല സൂക്തങ്ങളും ഖുർആനിനെ مُبَارَك എന്നു വിശേഷിപ്പിച്ചിട്ടുള്ളതും വിശദീകരിക്കപ്പെട്ടിട്ടുള്ളതുമാകുന്നു. ഉദാ: 6:92,155, 21:50. بركة -ന്റെ ആശയം 25:1-നു താഴെ വിശദമാക്കിയിരിക്കുന്നു. يدّبّر -വിന്റെ മൂലരൂപം يتدبّر ആണ്. ഇതിലെ ദാലിനു(د) മുമ്പുള്ള താഇനെ (تاء) ദാലിൽ ലയിപ്പിച്ച (ادغام) രൂപമാണ് يدّبّر. ഈ പദവും നേരത്തേ പലവട്ടം വന്നിട്ടുള്ളതാണ്. 4:82-നു താഴെ ഇതിന്റെ ആശയവും വിശദീകരിച്ചിരിക്കുന്നു. الباب -ഉം നേരത്തേ വന്നിട്ടുള്ളതാണ്. 3:190-നു താഴെ *ഖുർആൻ ബോധനം* ഇതിന്റെ ആശയം വിശദീകരിച്ചിരിക്കുന്നു. സൂക്തം സംബോധന ചെയ്യുന്നത് പ്രവാചകനെയാണെങ്കിലും ഉന്നം പ്രവാചകത്വത്തെയും ഖുർആനിനെയും അത് മുന്നറിയിപ്പു നൽകുന്ന പരലോകത്തെയും നിഷേധിക്കുന്ന ഖുറൈശികൾ ഉൾപ്പെടെ എക്കാലത്തുമുള്ള എല്ലാ ജനങ്ങളുമാകുന്നു.

സൂക്തസാരം: അല്ലാഹു മുഹമ്മദ് നബിക്ക് അവതരിപ്പിച്ചുകൊടുത്തിട്ടുള്ള വിശുദ്ധ വേദമാണീ ഖുർആൻ. മനുഷ്യരാശിയെ ഇഹപര സൗഭാഗ്യങ്ങളിലേക്ക് മാർഗദർശനം ചെയ്യുന്ന അനുഗൃഹീത വേദമാണത്. ഇത് നിർദേശിക്കുന്ന ആദർശവിശ്വാസങ്ങളും കർമ-ധർമ-സദാചാര നിയമങ്ങളും ഈ ലോകത്ത് സമാധാനപരവും ക്ഷേമകരവുമായ ഭൗതിക ജീവിതവും പരലോകത്ത് സൗഭാഗ്യകരമായ നിത്യജീവിതവും സാധ്യമാക്കുന്നതിനുള്ള ഉപാധികളാണ്. ഇതിലെ സൂക്തങ്ങൾ ആഴത്തിൽ മനനം ചെയ്യുന്നവർക്ക് സ്രഷ്ടാവിന്റെയും സൃഷ്ടിയുടെയും യാഥാർഥ്യത്തിലേക്കും സ്വന്തം ജന്മത്തിന്റെ ലക്ഷ്യത്തിലേക്കും ഉൾക്കാഴ്ച ലഭിക്കുന്നു. സദ്ബുദ്ധിയുള്ളവർക്ക് ഉയിർത്തെഴുന്നേൽപ്, അന്ത്യവിചാരണ, രക്ഷാശിക്ഷകൾ തുടങ്ങിയ സത്യങ്ങൾ ബോധ്യപ്പെടുകയും ചെയ്യുന്നു. ആളുകൾ ആ വിധത്തിൽ മനനം ചെയ്യാനും ബോധവാന്മാരാകാനും വേണ്ടിയാണ് അല്ലാഹു ഈ ഖുർആൻ അവതരിപ്പിച്ചിരിക്കുന്നത്. ●